പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4510 28.06.2012- ൽ മറുപടിക്ക്

ചങ്ങങ്കരി തൂക്കുപാലം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. തോമസ് ചാണ്ടി | | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | റവന്യൂവകുപ്പിനു കീഴിൽ എടത്വാ പഞ്ചായത്തിലെ ചങ്ങങ്കരിയിൽ അനുവദിച്ച തൂക്കുപാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (എ) | എടത്വാ പഞ്ചായത്തിലെ ചങ്ങങ്കരിയിൽ നിർമ്മിക്കുന്ന തൂക്കുപാലത്തിന്റെ നിർമ്മാണം 90% പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് ഡെപ്യൂട്ടി കളക്ടർ (ഡി.എം) സ്ഥല പരിശോധന നടത്തിയിട്ടുണ്ട്. |
| (ബി) | കെൽ ഏറ്റെടുത്ത പ്രസ്തുത തൂക്കുപാലത്തിന്റെ നിർമ്മാണത്തിന് കാലാവധി നീട്ടി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി)<br>&<br>(സി) | പ്രസ്തുത തൂക്കുപാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് 30.03.2012 വരെ കാലാവധി നീട്ടി നൽകിയിരുന്നു. എന്നാൽ ഈ കാലാവധിക്കു മുൻപ് പണി പൂർത്തിയാക്കാൻ കഴിഞ്ഞില്ലെന്നും ആയതിനാൽ കാലാവധി വീണ്ടും നീട്ടി നൽകണമെന്നും പാലത്തിന്റെ പണി നടപ്പിലാക്കുന്ന കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (M/s KEL) സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. 05.07.2012 ന് മുമ്പ് ഈ പാലത്തിന്റെ പണി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ